**No.CEE/4012/PGM2017/TA3**

കേരള സർക്കാർ

പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം

ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001

# പത്രക്കുറിപ്പ്

## ബിരുദാനന്തര ബിരുദ മെഡിക്കൽ/ഡെന്റൽ കോഴ്സുകളിലേയ്ക്കുള്ള പ്രവേശനം - 2017

## രണ്ടാംഘട്ട ഓൺലൈൻ ഓപ്ഷൻ രജിസ്ട്രേഷൻ തീയതി ദീർഘിപ്പിച്ചു

2017-ലെ ബിരുദാനന്തര ബിരുദ മെഡിക്കൽ/ഡെന്റൽ കോഴ്സുകളിലേയ്ക്ക് കൽപിത സർവ്വകലാശാലയിലെയും, പുതുതായി ഉൾപ്പെടുത്തിയ സ്വകാര്യ സ്വാശ്രയ മെഡിക്കൽ/ഡെന്റൽ കോളേജുകളിലെയും സർക്കാർ, മാനേജ്മെന്റ്, എൻ.ആർ.ഐ സീറ്റുകൾകൂടി ഉൾപ്പെടുത്തിക്കൊണ്ടുള്ള രണ്ടാംഘട്ട കേന്ദ്രീകൃത അലോട്ട്മെന്റിനായി www.cee.kerala.gov.in എന്ന വെബ്സൈറ്റിലൂടെ ഓൺലൈൻ ഓപ്ഷൻ സമർപ്പിക്കുന്നതിനുള്ള തീയതി ദീർഘിപ്പിച്ചു. പി.ജി ഡെന്റൽ കോഴ്സുകളിലേയ്ക്ക് **18.05.2017** വരെയും, പി.ജി മെഡിക്കൽ കോഴ്സുകളി ലേയ്ക്ക് **19.05.2017** വരെയും ഓൺലൈൻ ഓപ്ഷനുകൾ സമർപ്പിക്കാവുന്നതാണ്.

എൻ.ആർ.ഐ ക്വാട്ടയിലേയ്ക്കും കമ്മ്യൂണിറ്റി ക്വാട്ടാ സീറ്റുകളിലേയ്ക്കും ഓപ്ഷൻ നൽകി അലോട്ട്മെന്റ് ലഭിക്കുന്നവരും നീറ്റ് റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളതും പ്രവേശന പരീക്ഷാ കമ്മീഷണർ പ്രസിദ്ധീകരിച്ച കേരളാ സ്റ്റേറ്റ് മെരിറ്റ് ലിസ്റ്റിൽ ഉൾപ്പെടാത്തതുമായവരും ഓപ്ഷൻ നൽകി അലോട്ട്മെന്റ് ലഭിക്കുന്ന പക്ഷം അവരുടെ നേറ്റിവിറ്റിയും, മറ്റ് യോഗ്യതകളും തെളിയിക്കുന്ന സർട്ടിഫിക്കറ്റുകൾ **23.05.2017** ന് **പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയത്തിൽ** വച്ച് നടക്കുന്ന സർട്ടിഫിക്കറ്റ് പരിശോധനാ സമയത്ത് നേരിട്ട് ഹാജരാക്കേണ്ടതാണ്.

കോളേജുകൾ, കോഴ്സുകൾ, ഫീസ്, മറ്റു വിശദവിവരങ്ങൾ എന്നിവ www.cee-kerala.org എന്ന വെബ്സൈറ്റിൽ ലഭ്യമാക്കുന്നതാണ്.

**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം
17.05.2017